LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം തീയതി 24-2-2014 പ്രകാരം നിലവിൽവന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീം അനുസരിച്ച് ടി സ്കീമിൽ അനുബന്ധമായി ചേർത്തിരിക്കുന്ന കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ/ ആശ്രിതർക്കോ സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. ടി സ്കീമിന്റെ ഷെഡ്യൂളിൽ ക്രമ നമ്പർ 1 പ്രകാരം 'Death'-ന് പരമാവധി 5 ലക്ഷം രൂപ നഷ്ടപരിഹാരമായി ലഭിക്കുവാൻ അർഹതയുണ്ട്. വിക്ടിം കോമ്പൻസേഷൻ സ്കീം പ്രാവർത്തികമാക്കുന്നതിനായി വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1000 രൂപ 'Token Provision' ആയി അനുവദിച്ചിട്ടുണ്ട്. അധിക ഫണ്ടിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി, ആകെ 52 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 47 എണ്ണം ലീഗൽ സർവ്വീസസ് അതോറിറ്റിക നേരിട്ടും 5 എണ്ണം കോടതിയിൽ നിന്നും റഫർ ചെയ്തവയുമാണ്.

(ഡി) ഇ സ്കീമനുസരിച്ച് നിലവിൽ ഇതുവരെ ആർക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലാത നാണ്.

ഗാർഹിക പീഡന നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്

152 (1857) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക പീഡന നിരോധന നിയമപ്രകാരം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുമാസത്തിനിടെ ആരുടെയൊക്കെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ സംസ്ഥാന ഭാരവാഹിയായി പ്രവർത്തിച്ചിരുന്ന വ്യക്തിയുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത കേസ്സ് നിലവിൽ ആരാണ് അന്വേഷിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ചെയ്യാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗാർഹിക പീഡന നിരോധന നിയമപ്രകാരം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുമാസത്തിനിടെ 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല.

(സി&ഡി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

ട്രാഫിക് നിയമലംഘനങ്ങൾ

153 (1858) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് നിയമലംഘനങ്ങൾമൂലം വാഹനാപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര ട്രാഫിക് നിയമലംഘനങ്ങൾ നടന്നിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണത്തിലായി എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) ട്രാഫിക് നിയമലംഘനം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ വാട്സ് ആപ്പ് സംവിധാനം ഉപയോഗിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നമ്പർ അറിയിക്കുമോ ;

(ഡി) വാട്സ് ആപ്പ് വഴി ലഭിച്ച പരാതികൾക്ക് പിഴ ഈടാക്കിയതിന്റെ വിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ്, ട്രാഫിക് നിയമ ലംഘനങ്ങൾ സംബന്ധിച്ച് 838221 കേസ്സുകളും 15881103 പെറ്റി കേസ്സുകളും എടുത്തിട്ടുണ്ട്. ഇവയിൽ 1,58,81,103 പെറ്റി കേസ്സുകളിൽ നിന്നുമായി 2,27,73,32,661 രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.